# ജില്ലാആശുപത്രിവടകര
## കോഴിക്കോട് ജില്ല, വടകര-673 101

☎0496 2524259 ✉dhvatakara@gmail.com


നമ്പർ സി3-6833/2024 തീയ്യതി 08.11.2024

## ലേല പരസ്യം

വടകര ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് സെന്ററിൽ ഉപയോഗിക്കുന്ന ആസിഡിന്റെ കാലിയാവുന്ന കാനുകൾ (08.11.2024 മുതൽ 07.11.2025 വരെ) വിൽക്കുന്നതിനായി ക്വട്ടേഷൻ/പരസ്യലേലം നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

ക്വട്ടേഷൻ സ്വീകരിക്കുന്ന
അവസാന തീയ്യതി : 18.11.2024 ന് ഉച്ചയ്ക്ക് 12 മണി
ക്വട്ടേഷൻ തുറക്കുന്ന തീയ്യതി : 18.11.2024 ന് 3 മണി

**വിൽക്കാനുള്ള സാധനങ്ങളുടെ പട്ടിക**

**പ്ലാസ്റ്റിക് കാൻ (20 ലിറ്റർ)**

18.11.2024 ഉച്ചയ്ക്ക് 3 മണിക്ക് ആശുപത്രി കോൺഫറൻസ് ഹാളിൽ വച്ച് 20 ലിറ്ററിന്റെ പ്ലാസ്റ്റിക് കാൻ പരസ്യമായി ലേലം ചെയ്യുന്നതും, ലേലത്തിനു ശേഷം ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപന പ്രതിനിധികളുടെയോ, അവർ നിർദ്ദേശിക്കുന്ന വ്യക്തികളുടെയോ സാന്നിദ്ധ്യത്തിൽ ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും. ലേലത്തിൽ പങ്കെടുക്കുന്നവർ 1000/-രൂപ (ആയിരം രൂപ മാത്രം) നിരതദ്രവ്യം അടക്കേണ്ടതാണ്. ക്വട്ടേഷനിലോ/ലേലത്തിലോ ഏറ്റവും ഉയർന്ന തുക രേഖപ്പെടുത്തുന്ന വ്യക്തിക്ക്/സ്ഥാപനത്തിന് ലേലം/ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്. ലേലം/ ക്വട്ടേഷൻ ഉറപ്പിച്ച വ്യക്തി, തുകയും നിയമാനുസൃത ചാർജുകളും അടക്കേണ്ടതാണ്. ഉത്തരവ് ലഭിച്ച് 5 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ലേല സാധനങ്ങൾ അവ ഏത് അവസ്ഥയിലാണോ ആ അവസ്ഥയിൽ രോഗികൾക്കോ ജീവനക്കാർക്കോ ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കോ യാതൊരു ബുദ്ധിമുട്ടും വരുത്താതെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ (പ്രവൃത്തി സമയം രാവിലെ 10 മണി മുതൽ 5 മണി വരെ) നീക്കം ചെയ്യേണ്ടതാണ്. ആശുപത്രി പരിസരത്ത് വെച്ച് വിളിച്ച സാധനങ്ങൾ മറുലേലം ചെയ്യാൻ പാടില്ല.ലേലം /ക്വട്ടേഷൻ ഉറപ്പിച്ച വ്യക്തി/സ്ഥാപനം കാലിയാവുന്ന ആസിഡ് കാനുകളുടെ എണ്ണത്തിനനുസരിച്ചുള്ള തുക ഓഫീസിൽ അടച്ച് രശീതി ഡയാലിസിസ് യൂണിറ്റിൽ സമർപ്പിച്ചതിനു ശേഷം ക്വട്ടേഷൻ/ലേലം നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ട് ഡയാലിസിസ് യൂണിറ്റിൽ നിന്ന് എടുത്ത് മാറ്റേണ്ടതാണ്.

മേൽ നിബന്ധനകൾക്ക് വീഴ്ച വരുത്തുന്ന പക്ഷം ലേലം/ ക്വട്ടേഷൻ റദ്ദ് ചെയ്യുന്നതും ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർലേലം വിളിക്കുന്നതുമായിരിക്കും.

വിൽക്കാനുദ്ദേശിക്കുന്ന സാധനങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ സമയങ്ങളിൽ നേരിട്ട് കണ്ട് ബോധ്യപ്പെടാവുന്നതാണ്.

മതിയായ തുക ലഭിക്കാതെ വരുന്ന സാഹചര്യത്തിലോ, മറ്റ് കാരണങ്ങളാലോ യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം/ക്വട്ടേഷൻ റദ്ദാക്കാനോ മാറ്റി വയ്ക്കുവാനോ ഉള്ള പൂർണ്ണ അധികാരം ആശുപത്രി സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും. വ്യവസ്ഥകൾ പാലിക്കാത്തവരെ യാതൊര ുകാരണവശാലും ലേലത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്ന് അറിയാവുന്നതാണ്. (ഫോൺ.04962524259)

സൂപ്രണ്ട്

SUPERINTENDENT
Govt. District Hospital
Vatakara, Kozhikode (Dt.)

പകർപ്പ്

1. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (വെബ്സൈറ്റ് പ്രസിദ്ധീകരിക്കുന്നതിന്)
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) കോഴിക്കോട്
3. സെക്രട്ടറി വടകര നഗരസഭ
4. തഹസിൽദാർ താലൂക്ക് ഓഫീസ് വടകര
5. വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, വടകര
6. ലേ സെക്രട്ടറി & ട്രഷറർ
7. ഫയൽ/കരുതൽ ഫയൽ

GOVT.DISTRICT HOSPITAL VATAKARA PIN 673101 VATAKARA KOZHIKODE